ഉത്തരം

ഉണ്ട്. 7-2-2005-ന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ അധികാരികളും, നെല്ല് സംഭരണ സഹകരണ സംഘങ്ങളുടെ പ്രതിനിധികളുമായി ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച നടത്തുകയുണ്ടായി. ശബരി ബ്രാൻഡിൽ മട്ട അരിയായി കോർപ്പറേഷൻ നിഷ്കർഷിക്കുന്ന ഗുണമേൻമയിൽ ഇപ്പോൾ വിൽക്കുന്ന 500 ടണ്ണിൽ (പ്രതിമാസം) നിന്നും കൂടുതൽ വിൽക്കാനുള്ള ശ്രമം ആരംഭിക്കണമെന്ന കാര്യം ചർച്ച ചെയ്യുകയുണ്ടായി.

റേഷൻകാർഡ് നഷ്ടപ്പെട്ടവർക്ക് പകരം കാർഡ് കിട്ടുന്നതിനുള്ള നടപടിക്രമം

44 [2661] ശ്രീ. കെ. എൻ. എ. ഖാദർ:

,, പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡ് നഷ്ടപ്പെട്ടവർക്ക് പകരം കാർഡ് കിട്ടുന്നതിനുള്ള നടപടിക്രമം പുതുക്കിയിട്ടുണ്ടോ;

(ബി) പുതിയ കാർഡ് കിട്ടുന്നതിന് ആവശ്യമായി വരുന്ന കുറഞ്ഞ കാലയളവ് എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതനുസരിച്ച് പുതിയ കാർഡ് നൽകുന്നുണ്ടോ;

(ഡി) റേഷൻ കാർഡിലെ അക്ഷരത്തെറ്റുകൾ തിരുത്തുന്നതിനും ഇപ്പോഴുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പുതുക്കിയിട്ടില്ല.

(ബി) ഏഴു ദിവസം.

(സി) ആവശ്യമായ രേഖകൾ സഹിതം അപേക്ഷിക്കുന്നവർക്ക് ഏഴു ദിവസത്തിനുള്ളിൽ പുതിയ കാർഡ് നൽകുന്നുണ്ട്.

(ഡി) നിലവിലുള്ള നടപടിക്രമമനുസരിച്ച് റേഷൻ കാർഡിലെ തെറ്റുകൾ തിരുത്തി നൽകുന്നുണ്ട്. ലഘുവായ നടപടിക്രമങ്ങളാണ് ഇപ്പോൾ നിലവിലുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly